E 4133 (Pages : 3) Reg. No.................................

Name.................................

# B.A. (MODEL II) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2016

## First Semester

Additional Language—Malayalam

## കഥ, കവിത, നാടകം

(2013 Admission onwards)

Time : Three Hours Maximum Marks : 80

### എ വിഭാഗം

എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1. 'ഓർമ്മകളുടെ അറ' ആരുടെ കൃതിയാണ് ?
2. വൈശാഖൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര് ?
3. ലളിതാംബിക അന്തർജനത്തിന്റെ ആത്മകഥയുടെ പേരെഴുതുക.
4. മോക്ഷം ആരുടെ കഥയാണ് ?
5. വി.വി. അയ്യപ്പൻ ഏത് പേരിലാണ് അറിയപ്പെടുന്നത് ?
6. സഫലമീയാത്ര ആരുടെ കവിതയാണ് ?
7. ഒ.എൻ.വി. ക്ക് വയലാർ പുരസ്കാരം ലഭിച്ച കൃതി ഏത് ?
8. മണിയറക്കവിതകളിലൂടെ പ്രശസ്തി നേടിയ കവി.
9. ബലിഗാഥ ആരുടെ കവിതയാണ് ?
10. 'എൻമകജെ' എന്ന നോവൽ എഴുതിയത് ആരാണ് ?

(10 × 1 = 10)

### ബി വിഭാഗം

അരപ്പുറത്തിൽ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. "ഓർമ്മകളുണ്ടായിരിക്കണം അല്ലെങ്കി-
ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞു നാം"
—ആശയമെന്ത് ?
12. 'പാഥേയ'മായിത്തീർന്ന പ്രകൃതിയുടെ വിലാസ ഭാവങ്ങൾ കവി ചിത്രീകരിക്കുന്നതെങ്ങനെ ?
13. അന്തിനിലാവിലെ നായകൻ ആത്മഹത്യയ്ക്കൊരുങ്ങിയതെന്തിന് ?
14. ത്രേസിയുടെ ആഖ്യാന രീതി വിശദമാക്കുക.
15. ബലിഗാഥ—ഒരു കുറിപ്പെഴുതുക.

Turn over

16. മാധവൻ അയ്യപ്പത്തിന്റെ 'ഓണക്കോള്' എന്ന കവിതയിലെ സാമൂഹിക പ്രാധാന്യം വിശദമാക്കുക.

17. "നീർക്കിളികൾ പാടുമൊരു ദിക്കുകാണാനവിടെ

നീർക്കണിക തേടി ഞാനൊന്നു പോകാം"

—ആശയമെന്ത് ?

18. പുരാവൃത്തസങ്കല്പം എന്നാലെന്ത് ?

19. അഗസ്ത്യ ഹൃദയം എന്ന കവിതയെ പരിചയപ്പെടുത്തുക.

20. തനത് നാടകവേദി എന്നാലെന്ത് ?

21. 'അപ്പോളാരെന്നുമെന്തെന്നുമാർക്കറിയാം'—എപ്പോൾ ?

22. ആധുനിക കവിതയുടെ പ്രത്യേകതകൾ ഏവ ?

(8 × 2 = 16)

## സി വിഭാഗം

ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. സീതാരാമപുരാവൃത്തത്തെ 'അഗസ്ത്യ ഹൃദയം' വിമർശനാത്മകമായി അവതരിപ്പിക്കുന്നതെങ്ങനെ ?

24. 'മോക്ഷം' എന്ന കഥയിലെ മാധ്യമവിമർശം വിശദീകരിക്കുക.

25. ടെലിവിഷൻ പരസ്യങ്ങൾ എന്ന കഥ ഉയർത്തുന്ന സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

26. "അറിവായ വൃക്ഷത്തിന്റെ

അടിവേരുകൾ പൊട്ടുന്നു

ബോധിത്തണൽ എനിയ്ക്ക്

വെയിലായ്ത്തീരുന്നു"

—വിവരിക്കുക.

27. ഓർമ്മകൾ ഉണ്ടായിരിക്കണം എന്ന കഥ ഉയർത്തുന്ന വിമർശനങ്ങൾ പരിശോധിക്കുക.

28. 'വേർപിരിയുവാൻ മാത്രമൊന്നിച്ചുകൂടി നാം

വേദനകൾ പങ്കുവയ്ക്കുന്നു'

—ആശയം വിശദമാക്കുക.

29. ബഷീറിന്റെ രചനാശൈലിയുടെ സവിശേഷതകൾ എഴുതുക.

30. ഭാവഗീത പ്രസ്ഥാനം—കുറിപ്പെഴുതുക.

31. കൊത്തുവാനുണ്ടു പ്രച്ഛന്നരൂപിയായ്

പുഷ്പകത്തിലെത്തുന്നൊരാസക്തിയെ

—വിശദീകരിക്കുക.

(6 × 4 = 24)

### ഡി വിഭാഗം

രണ്ട് ചോദ്യത്തിന് നാനൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

32. പാഠഭാഗത്തിലെ കവിതകളെ ആസ്പദമാക്കി കാവ്യബിംബങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

33. ആറ്റൂർ രവിവർമ്മയുടെ 'ക്ലാസിൽ' എന്ന കവിതയെ വിലയിരുത്തുക.

34. സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളുടെ പ്രത്യേകതകൾ കലശം എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

35. കവിതയെ ഗദ്യം, പദ്യം എന്നിങ്ങനെ വേർതിരിക്കുന്നതിനോട് യോജിക്കുന്നുണ്ടോ ? അഭിപ്രായം എഴുതുക.

(2 × 15 = 30)